(Pages : 4) **S – 3580**

**Reg. No. : ..............................**

**Name : ..................................**

## Third Semester B.A. Degree Examination, February 2024

## Career Related First Degree Programme under CBCSS

## Malayalam and Mass Communications

## Core Course V

## MX 1342 : ദലിതെഴുത്ത്, പെണ്ണെഴുത്ത് : സിദ്ധാന്തവും ആവിഷ്ക്കാരവും

## (2018-2020 Admission)

St.Xavier's College

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ പരമാവധി **രണ്ടു** വാക്യത്തിലോ ഉത്തരമെഴുതുക.

1. 'ചെങ്ങന്നൂരാതി പാട്ടുകഥ'യുടെ ആവേദകയായി അറിയപ്പെടുന്നതാര്?

2. 'പ്രത്യക്ഷരക്ഷാദൈവസഭ'യുടെ സ്ഥാപകനാര്?

3. "ഒരു മനുഷ്യന് മാത്രമേ മറ്റൊരു മനുഷ്യനെ സഹായിക്കാൻ കഴിയൂ എന്നു ഞാൻ വിശ്വസിക്കുന്നു" - ആരുടെ വാക്കുകൾ? ആരോടാണിതു പറയുന്നത്?

4. കൊച്ചരേത്തി എഴുതിയതാര്?

5. ദലിത് സാഹിത്യത്തിന്റെ പ്രത്യയശാസ്ത്രം എന്നു കരുതുന്നത് ആരുടെ കൃതികളെയാണ്?

6. 'മുലയൂട്ടുന്ന തത്ത്വചിന്ത' എന്ന് പുതിയ കാലം വിളിക്കുന്നതാരെ?

7. 'പാപത്തറ' എന്ന സാറാ ജോസഫിന്റെ കൃതിയ്ക്ക് സച്ചിദാനന്ദൻ എഴുതിയ ആമുഖമേത്?

P.T.O.

8. 'കാലപ്പകർച്ചകൾ' എന്ന ആത്മകഥ എഴുതിയതാര്?

9. 'ബുദ്ധനിലേയ്ക്കുള്ള ദൂരം' - ആരുടെ കൃതി?

10. 'ഒരു വഴിയും കുറെ നിഴലുകളും' - ആരുടെ കൃതി?

**(10 × 1 = 10 Marks)**

II. **ഒരു** ഖണ്ഡികയിൽ കവിയാതെ ഏതെങ്കിലും **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

11. ജാതി എന്ന അധികാര സംവിധാനത്തെയും കേരളമെന്ന സ്ഥലകാലത്തെയും അഭിമുഖീകരിച്ച നവോത്ഥാനകാലപ്രസ്ഥാനങ്ങളെ പരിചയപ്പെടുത്തുക.

12. ദലിത് സാഹിത്യം എന്നാലെന്ത്?

13. പുസ്തകച്ചെട്ടി - കുറിപ്പെഴുതുക.

14. 'നിരവത്ത് കയ്യാണി' എന്ന കഥയുടെ പ്രമേയം എന്ത്?

15. "കാണുന്നിലോരക്ഷരവും
എന്റെ വംശത്തെപ്പറ്റി
കാണുന്നുണ്ടനേക വംശത്തിൻ
ചരിത്രങ്ങൾ" - ആരുടെ വാക്കുകൾ? ഇതിലന്തർഭവിക്കുന്ന ദുഃഖമെന്ത്?

16. "കറുപ്പിലേക്കെന്റെ കറുപ്പിലേക്കു ഞാൻ
തിരിച്ചുപോരുന്നു" - ആര്? എന്തുകൊണ്ട്?

17. തേനീച്ചയുടെയും ഉറുമ്പിന്റെയും
പാഠങ്ങളിലൂടെ
ഞാനവരെപഠിപ്പിച്ചിരുന്നു -
ഏതാണ് സൂചിതം? വ്യക്തമാക്കുക.

18. "പക്ഷേ, കുട്ടികളെങ്ങനെ അതിജീവിക്കാനാണ്?" - സന്ദർഭമെഴുതുക.

St. Xavier's College

19. ദലിത് ഫെമിനിസം - കുറിപ്പെഴുതുക.

20. "അടുക്കളയിൽ നിന്ന് അരങ്ങത്തേയ്ക്കുവന്ന
ഒരു വീട്ടുപകരണമാണു ഞാൻ"
- സന്ദർഭവും ആശയവും എഴുതുക.

21. "എന്റെ കുടിലിൽ എന്റെ പരമ്പരയുടെ ദുരിതമുണ്ട്. അവരുടെ നിലവിളിയുണ്ട്" - സന്ദർഭം എഴുതുക.

22. "എന്നൊന്നു കാണും ഒറ്റയ്ക്ക്"? എന്താണ് ഒറ്റയ്ക്കു കാണേണ്ടത്?

**(8 × 2 = 16 Marks)**

III. **നൂറ്റിയിരുപതു** വാക്കിൽ കവിയാതെ ഏതെങ്കിലും **ആറ്** ചോദ്യത്തിന് ഉത്തരമെഴുതുക.

23. റാഡിക്കൽ ഫെമിനിസവും മലയാളസാഹിത്യത്തിലെ പെണ്ണെഴുത്തും ചുരുക്കിയെഴുതുക.

24. 'നിരവത്ത് കയ്യാണി'യുടെ പ്രത്യേകതകൾ ക്രോഡീകരിക്കുക.

25. "ആ രണ്ടു ദിവസവും ഞങ്ങൾക്ക് ഉത്സവദിനങ്ങളായിരുന്നു." ഏത്? എന്തുകൊണ്ട്?

26. പ്രത്യക്ഷരക്ഷാദൈവസഭയുടെ ചിന്തയിലെ വംശബോധം വെളിപ്പെടുത്തുക.

27. 'ചത്തതിനെ തിന്നില്ല' എന്ന ശാഠ്യം പറയന്റെ പുരോഗതിയ്ക്കുവേണ്ടി എരി നടപ്പാക്കിയതെങ്ങനെ?

28. "പീറ്റർ സഖറിയാസ് - നീയാണ് ഇപ്പോൾ എന്റെ കുഞ്ഞിന്റെ എല്ലാം. ഞാൻ ആകാതിരുന്ന എല്ലാം" - സന്ദർഭവും ആശയവും വ്യക്തമാക്കുക.

29. "കശാപ്പുകാർക്കു വേണ്ടത്ര
കൊഴുത്ത ഇറച്ചിയൊന്നും എനിക്കില്ല"
- സന്ദർഭവും ആശയത്തിന്റെ പ്രസക്തിയും വ്യക്തമാക്കുക.

St. Xavier's College

30. "അതിരാവിലെ
കവിത പാതി എഴുതി
ഉറക്കം തൂങ്ങുമ്പോൾ
അമ്മ പലതും പറയുന്നതു കേൾക്കാം" - അമ്മയുടെ പുലമ്പലുകൾ എന്തൊക്കെ?

31. ദളിതന്റെ വിഹ്വലതയുടെ നിലവിളിയാണ് നാരായന്റെ 'നിസ്സഹായന്റെ നിലവിളി'. ഈ അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.

**(6 × 4 = 24 Marks)**

IV. **മൂന്നു** പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

32. സി. അയ്യപ്പന്റെ കഥകളിയിലെ ദളിത് പരിപ്രേക്ഷ്യം 'നിരവത്ത് കയ്യാണി' എന്ന കഥയെ മുൻനിർത്തി വിശകലനം ചെയ്യുക.

33. പ്രാർത്ഥനയല്ല, ആക്രോശമാണ് ദളിത് സാഹിത്യത്തിന്റെ മുദ്ര - 'എരി' എന്ന നോവലിനെ ആസ്പദമാക്കി ചർച്ച ചെയ്യുക.

34. സവർണ്ണസംസ്കാരത്തിന്റെ ആലസ്യങ്ങൾക്കെതിരെ കുറിച്ച ജീവിതമാണ് നാടൻപാട്ടുകളിൽ കാണുന്നത്. 'പാലുവം പെണ്ണിനെത്തേടി' എന്ന രചനയെ മുൻനിർത്തി വിചിന്തനം ചെയ്യുക.

35. സ്ത്രീപക്ഷകവിതകളുടെ വേറിട്ട വഴികൾ കെട്ടിയിട്ട കോലാട്, പ്രതിഷ്ഠ, പെണ്ണുങ്ങൾ കാണാത്ത പാതിരാ നേരങ്ങൾ എന്നീ കവിതകളിൽ തെളിയുന്നതെങ്ങനെ എന്നു വ്യക്തമാക്കുക.

**(2 × 15 = 30 Marks)**

St. Xavier's College